केरल सरकार
सार्वजनिक शिक्षा विभाग

# हिंदी भाषा प्रयोगशाला

## E-Cube Hindi Language Lab

# User Guide

## उपयोगकर्ता पुस्तिका.









KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

*A FOSS based multimedia software for enhancing the Hindi language proficiency of students*




<u>KITE द्वारा विकसित एक ओपन–सोर्स, आसानी से अपनाने योग्य, स्वतंत्र –से– उपयोग, और कहीं भी तैनात किया जा सकने वाला मल्टीमीडिया सॉफ्टवेयर, छात्रों की हिंदी भाषा दक्षता बढ़ाने के लिए</u> ।

**<u>A FOSS-based, easy-to-adopt, free-to-use, and deploy anywhere multimedia software for enhancing the Hindi language proficiency of students developed by KITE.</u>**

# ആമുഖം

സ്കൂൾ തലത്തിൽ ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവുമാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക വിഭാഗമായ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയാറാക്കിയ മൾട്ടി മീഡിയ പ്ളാറ്റ്ഫോമാണ് ഇ-ക്യൂബ് ഹിന്ദി ലാംഗ്വേജ് ലാബ് ( ഇ-ക്യൂബ് ഹിന്ദി ഭാഷാ പ്രയോഗ്ശാല ). ഹൈടെക് ക്ലാസ് മുറികളും സാങ്കേതിക സൗകര്യങ്ങളും ഭാഷാപഠനത്തിന് ഫലപ്രദമായി ഉപയോഗിക്കുന്നതിന് 2022 മുതൽ കൈറ്റ് ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരുന്നു. ബാംഗ്ലൂർ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് പദ്ധതിയുടെ ഫലപ്രാപ്തി പഠനം നടത്തുകയും അത് ഫലപ്രദമാണെന്ന് കണ്ടെത്തി പൊതുവിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ഇ-ക്യൂബ് ഇംഗ്ലീഷ് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തിയാണ് ഇ-ക്യൂബ് ഹിന്ദി ഭാഷ പ്രയോഗ്ശാല കൈറ്റ് വികസിപ്പിച്ചത്.

ഇ-ക്യൂബ് ഹിന്ദി ലാംഗ്വേജ് ലാബിൽ ലെവൽ 1, ലെവൽ 2, ലെവൽ 3 എന്നിങ്ങനെ യഥാക്രമം 5, 6, 7 ക്ലാസുകളിലേക്ക് മൂന്ന് ലെവലുകളായാണ് ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്. ലാംഗ്വേജ് ലാബിൽ കുട്ടികൾക്കും അധ്യാപകർക്കും പ്രഥമാധ്യാപകർക്കുമുള്ള ലോഗിനുകൾ ഉണ്ട്. കുട്ടികളുടെ ലോഗിനിൽ അഞ്ച് യൂണിറ്റുകളിലായി കഥകൾ കേൾക്കാനും, സംസാരിക്കാനും, വായിക്കാനും, എഴുതാനും, ഓഡിയോ-വീഡിയോ റെക്കോർഡ് ചെയ്യാനും, ഭാഷാവ്യവഹാര രൂപങ്ങൾ നിർമ്മിക്കാനുള്ള ഗെയിം അധിഷ്ഠിത ഇന്ററാക്ടീവ് പ്രവർത്തനങ്ങൾ ചെയ്യാനും കഴിയും. കുട്ടികൾക്ക് ശ്രവണം, ഭാഷണം, വായന, എഴുത്ത് എന്നിവയിൽ പ്രായോഗിക പരിശീലനം ലാംഗ്വേജ് ലാബിലൂടെ ലഭിക്കുന്നതാണ്. കുട്ടികൾ പൂർത്തിയാക്കിയ പ്രവർത്തനങ്ങളും ഉൽപ്പന്നങ്ങളും ലാപ്ടോപ്പുകളിൽ സൂക്ഷിക്കാനും ഇത് എപ്പോൾവേണമെങ്കിലും കുട്ടികൾക്കും അധ്യാപകർക്കും പ്രഥമാധ്യാപകനും പരിശോധിക്കാവുന്നതുമാണ്. കുട്ടികളുടെ ശബ്ദം ഓഡിയോ ഫോർമാറ്റിലും ദൃശ്യം വീഡിയോ ഫോർമാറ്റിലും റെക്കോർഡ് ചെയ്ത് സൂക്ഷിക്കാനുള്ള സംവിധാനവും സോഫ്റ്റ്വെയറിലുണ്ട്.

ടീച്ചർ ലോഗിനിൽ ഓരോ കുട്ടിയും പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ കാണാനും വിലയിരുത്താനും മെച്ചപ്പെടുത്താനുള്ള പിന്തുണ നൽകാനും കഴിയും. ഓരോ കുട്ടിയുടെയും പഠനപുരോഗതി നിരീക്ഷിക്കുന്നതിനും ഫീഡ്ബാക്ക് നൽകുന്നതിനും ടീച്ചർ ലോഗിനിലൂടെയും എച്ച്.എം ലോഗിനിലൂടെയും കഴിയും. പൂർണമായും സ്വതന്ത്ര, ഓപ്പൺ സോഴ്സ് സോഫ്റ്റുവെയർ (FOSS) ഉപയോഗിച്ച് വികസിപ്പിച്ച ഇ-ക്യൂബ് ഹിന്ദി ലാംഗ്വേജ് ലാബ് സോഫ്റ്റുവെയർ അധിക ചിലവോ ഉപകരണങ്ങളോ കൂടാതെ സ്കൂളുകളിലെ നിലവിലുള്ള ലാപ് ടോപ്പുകളിൽ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാം.

**കെ. അൻവർ സാദത്ത്**
**ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, KITE**

തിരുവനന്തപുരം,
08-01-2025.

# Table of Contents


ई-क्यूब हिंदी भाषा प्रयोगशाला
1. ई-क्यूब हिंदी भाषा प्रयोगशाला सॉफ्टवेयर (E-Cube Hindi Language Lab Software)....5
2. छात्र लॉगिन (Student Login)....6
2.1 परिचय (Introduction)....6
2.2 छात्र लॉगिन में पाठ्य सामग्री (Course entry in student login)....7
2.3 पाठ्य सामग्री (Course Content)....8
2.4 पाठ्यक्रम गतिविधियाँ (Course Activities)....8
A. कहानी सुनें, कहानी देखें, कहानी पढ़ें, नए शब्द ( Listen story, Watch video of story, Read story,
2.4.A(1) कहानी सुनें....8
2.4.A(2) कहानी देखें....9
2.4.A(3) कहानी पढ़ें....10
2.4.A(4) नए शब्द....10
B. प्रश्नोत्तरी गतिविधियाँ ( Quiz type activities)....10
a) खींचकर जोड़ें गतिविधियाँ (Drag and drop activity)....11
b) सही/गलत गतिविधियाँ (True Or False Activity)....13
c) बहुविकल्पीय प्रश्न (Multiple Choice Questions).... 15
d) सही रूप चुनें (Choose the appropriate)....15
C. रिकॉर्डिंग गतिविधियाँ (Recording Activities)....16
C3) असाइनमेंट अपलॉड गतिविधियाँ (Assignment Upload Activities)....21
3. (शिक्षक लॉगिन) Teacher Login
3.1(परिचय ) Introduction....24
3.2 पाठ्यक्रम प्रवेश (शिक्षक) Course Entry (Teachers)....26
3.3 गतिविधि निरीक्षण (Activity Monitoring)....27
A. प्रश्नोत्तरी गतिविधियों का निरीक्षण (Monitoring – Quiz type Activities)....27
B. प्रदत्त कार्य गतिविधियों का निरीक्षण (Monitoring – Assignment Activities)....29
4. प्रधान शिक्षक लॉगिन (HM Login)
4.1 पाठ्यक्रम प्रवेश प्रधान शिक्षक Course Entry (HM)....32
4.2 रिपोर्ट तैयार करना (Report Generation)....33
A. पाठ्यक्रम पूर्ति रिपोर्ट (Course Completion Report)....34
B. गतिविधि पूर्ति रिपोर्ट (Activity Completion Report)....35
4.3 नामांकन और नामांकन रद्दीकरण (Enrolment & Un-enrolment)....35
5. How to Install E-cube Hindi Language Lab software....37
5.1 Other Facilities....38
A. Client-Server Method....38
B Networking in Laptops using Hotspot....40
C. E-Cube Hindi Backup....41

# 1. ई–क्यूब हिंदी भाषा प्रयोगशाला सॉफ्टवेयर
## (E–Cube Hindi Language Lab  Software)

ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവുമാക്കാൻ  KITE വികസിപ്പിച്ച Language Laboratory Software (भाषा प्रयोगशाला सॉफ्टवेयर ) ആണ് ഇ-ക്യൂബ് ഹിന്ദി ഭാഷാ പ്രയോഗ്ശാല (ई–क्यूब हिंदी भाषा प्रयोगशाला). ഈ സോഫ്റ്റുവെയർ നമ്മുടെ സ്കൂളുകളിലെ കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കുന്ന IT@School GNU/Linux ന്റെ 18. 04 / 22.04 ഓപ്പറേറ്റിങ്ങ് സിസ്റ്റം വേർഷനുകളിൽ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാം.

ഇ-ക്യൂബ് ഹിന്ദി ഭാഷാ പ്രയോഗ്ശാല സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കുന്ന വിധം താഴെ വിവരിച്ചിരിക്കുന്നു. മൂന്ന്  ലെവലുകളിലായാണ് ഈ സോഫ്റ്റ്‌വെയറിൽ പഠനപ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. 5, 6, 7  ക്ലാസുകളിലെ കുട്ടികൾക്കായാണ് ഓരോ ലെവലും ക്രമീകരിച്ചിരിക്കുന്നത്. താഴെ നൽകിയിരിക്കുന്ന പട്ടിക  കാണുക.


| Sl.No. | Level | Description |
|---|---|---|
| 1 | स्तर : 1<br>**(Level 1)** | कक्षा : 5<br>(For Standard 5) |
| 2 | स्तर : 2<br>**(Level 2)** | कक्षा : 6<br>(For Standard 6) |
| 3 | स्तर : 3<br>**(Level 3)** | कक्षा : 7<br>(For Standard 7) |




ചിത്രം - 1 കോഴ്സ് ലെവെലുകൾ (स्तर)

ലെവൽ തിരഞ്ഞെടുത്ത് കോഴ്സിലേക്ക് പ്രവേശിക്കാം. ഉദാഹരണമായി Level 1 ലേക്കാണ് പ്രവേശിക്കേണ്ടതെങ്കിൽ സോഫ്റ്റുവെയർ തുറന്നു വരുമ്പോൾ ലഭിക്കുന്ന ജാലകത്തിലെ स्तर : 1 എന്ന ഐക്കണിൽ (ചിത്രം 1) ക്ലിക്ക് ചെയ്യുക.
ഇങ്ങനെ ക്ലിക്ക് ചെയ്യുമ്പോൾ ഒരു ലോഗിൻ ജാലകം (ചിത്രം 2) പ്രത്യക്ഷപ്പെടും. ഇവിടെ യൂസർ നെയിം  പാസ്‌വേർഡ് എന്നിവ  നൽകി ഓരോ പഠിതാവിനും കോഴ്സിലേക്ക് പ്രവേശിക്കാം.

> കുറിപ്പ്:
>
> **ई-क्यूब हिंदी भाषा प्रयोगशाला** സോഫ്റ്റ്‌വെയറിൽ  പൂർത്തി-യാക്കുന്ന ഓരോ പ്രവർത്തനവും കമ്പ്യൂട്ടറിൽ ശേഖരിക്കപ്പെടുന്നുണ്ട്. ഇത് എപ്പോൾ വേണമെങ്കിലും ടീച്ചർക്കും പഠിതാവിനും പരിശോധിക്കാം. ഓരോരുത്തരുടെയും വിവരങ്ങൾ പ്രത്യേകം ശേഖരിക്കുന്നതിനു വേണ്ടിയാണ് സോഫ്റ്റ്‌വെയറിൽ ഓരോ പഠിതാവിനും പ്രത്യേകം ലോഗിൻ സൗകര്യം നൽകിയിട്ടുള്ളത്.




ചിത്രം 2: ലോഗിൻ ജാലകം

# 2. छात्र लॉगिन (Student Login)

## 2.1 परिचय (Introduction)


താഴെ നൽകിയിരിക്കുന്ന പട്ടിക കാണുക. സോഫ്റ്റ്‌വെയറിൽ ഓരോ ക്ലാസ്സിലെയും കുട്ടികളുടെ ലോഗിൻ ക്രമീകരിച്ചിരിക്കുന്ന വിധം ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. ഉദാഹരണമായി, **5 A** ക്ലാസിലെ ഒന്നാമത്തെ കുട്ടിയുടെ യൂസർനാമം **5a1** ആയിരിക്കും. പാസ്സ്‌വേഡും **5a1** ആയിരിക്കും.

| No | Standard | Division | User name | Password | Remarks |
|---|---|---|---|---|---|
| 1 | Standard 5 | A | 5a1<br>5a2<br>5a3<br>.<br>.<br>5a15 | 5a1<br>5a2<br>5a3<br>.<br>.<br>5a15 | Standard 5, Division A, No.1<br>Standard 5, Division A, No.2<br>Standard 5, Division A, No.3<br>..<br>Standard 5, Division A, No.15 |
| 2 | Standard 5 | B | 5b1<br>5b2<br>5b3<br>.<br>.<br>5b15 | 5b1<br>5b2<br>5b3<br>.<br>.<br>5b15 | Standard 5, Division B, No.1<br>Standard 5, Division B, No.2<br>Standard 5, Division B, No.3<br>.<br>Standard 1, Division B, No.15 |
| | | | 6a1 | 6a1 | Standard 6, Division A, |

| | | | | | |
|---|---|---|---|---|---|
| 3 | Standard 6 | A | 6a2<br>6a3<br>.<br>.<br>6a15 | 6a2<br>6a3<br>.<br>.<br>6a15 | No.1<br>Standard 6, Division A, No.2<br>Standard 6, Division A, No.3<br>.<br>Standard 6, Division A, No.15 |
| 4 | Standard 7 | A | 7a1<br>7a2<br>7a3<br>.<br>.<br>7a15 | 7a1<br>7a2<br>7a3<br>.<br>.<br>7a15 | Standard 7, Division A, No.1<br>Standard 7, Division A, No.2<br>Standard 7, Division A, No.3<br>.<br>Standard 7, Division A, No.15 |

## 2.2 छात्र लॉगिन में पाठ्य सामग्री (Course entry in student login)

ലോഗിൻ ചെയ്ത ശേഷം കോഴ്സിലേക്ക് പ്രവേശിക്കുന്ന വിധമാണ് ഇവിടെ വിവരിക്കുന്നത്. ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകമാണ് ചിത്രം- 3 ൽ നൽകിയിരിക്കുന്നത്. ചിത്രത്തിൽ 5A ക്ലാസ്സിലെ ആദ്യത്തെ കുട്ടിയാണ് ലോഗിൻ ചെയ്തിരിക്കുന്നത്. ഇവർക്ക് Level 1 കോഴ്സ് മാത്രമെ ലഭ്യമാകുകയുള്ളൂ.





ചിത്രം 3: കോഴ്സ് ലെവൽ 1(पाठ्यक्रम स्तर–1)

ലോഗിൻ ചെയ്തതിന് ശേഷം കുട്ടിയുടെ പ്രൊഫൈൽ എഡിറ്റ് ചെയ്ത് പേര് , ഫോട്ടോ എന്നിവ ചേർക്കാം.

## 2.3 पाठ्य सामग्री (Course Content)

ലോഗിൻ ചെയ്താൽ ലഭിക്കുന്ന ജാലകത്തിലെ കോഴ്സിൽ (ഇവിടെ हिंदी भाषा प्रयोगशाला - स्तर 1) ക്ലിക്ക് ചെയ്താൽ കോഴ്സിന്റെ ഉള്ളടക്കം കാണാം (ചിത്രം 4). ഇവിടെ 5 യൂണിറ്റുകളിലായി നിരവധി പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകളുടെയും പേരുകൾ Left panel ൽ കാണാം. Unit ന്റെ പേരിൽ ക്ലിക്ക് ചെയ്താൽ പ്രസ്തുത Unit ൽ ഉൾപെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ വലതു വശത്ത് കാണാം.




ചിത്രം 4 കോഴ്സ് ഉള്ളടക്കം ലെവൽ1(पाठ्य सामग्री –स्तर–1– कहानी–और चीकू भी )

## 2.4 पाठ्यक्रम गतिविधियाँ (Course Activities)


വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരോ യൂണിറ്റിലും ഉൾപെടുത്തിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനക്രമം താഴെ വിവരിച്ചിരിക്കുന്നു.

### A. कहानी सुनें, कहानी देखें, कहानी पढ़ें, नए शब्द ( Listen story, Watch video of story, Read story, New words)

ഓരോ യൂണിറ്റിലും कहानी सुनें, कहानी देखें, कहानी पढ़ें, नए शब्द ( Listen story, Watch video of story, Read story, New words) എന്നിങ്ങനെ കഥ കേൾക്കനും, കഥയുടെ വിഡിയോ കണാനും, കഥ വയിക്കാനും കഥയിലെ പുതിയ പദങ്ങളുടെ ചിത്രീകരണം എന്നിവ പഠിക്കാനുള്ള 4 പ്രവർത്തനങ്ങൾ കാണാം. ഇതിൽ കഥ കേൾക്കുന്നതും , പുതിയ വാക്കുകൾ കേൾക്കുന്നതും Listening (ശ്രവണം) പ്രവർത്തനമാണ്.

### 2.4.A(1) कहानी सुनें.

Listening Activity 1.1 -वह हँस दिया (स्तर 2) എന്ന കഥയിൽ ക്ലിക്ക് ചെയ്ത് Story Listening Activity പ്രവർത്തിപ്പിക്കാം. അപ്പോൾ പുതിയ ജാലകത്തിൽ കഥാപാത്രങ്ങളുടെ ചിത്രീകരണത്തോടെ Story യിലെ slide പ്രത്യക്ഷപെടും (ചിത്രം 5).




ചിത്രം-5 കഥ കേൾക്കാം (कहानी सुनें–वह हँस दिया (स्तर 2)

Next ബട്ടൺ ക്ലിക്ക് ചെയ്ത് അടുത്ത slide ലേക്ക് പോകാം. सुनें ബട്ടൺ ക്ലിക്ക് ചെയ്ത് Story കേൾക്കാം.


## 2.4.A(2) कहानी देखें

വിഡിയോ കണ്ട് वह हँस दिया എന്ന കഥ മനസ്സിലാക്കാൻ (अर्थग्रहण) कहानी देखें 1.2 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. Storytelling ശ്രദ്ധിച്ചാൽ ഭാവമുൾക്കൊണ്ട് ശരിയായ ഉച്ചാരണത്തോടെ കഥയെങ്ങനെ വായിക്കാമെന്ന് മനസ്സിലാക്കാൻ കഴിയും. (ചിത്രം - 6)




ചിത്രം - 6 कहानी देखो 1.2

## 2.4.A(3) कहानी पढ़ें




ചിത്രം -7 कहानी पढ़ो 1.3

**वह हँस दिया** എന്ന കഥ വായിക്കാൻ (वाचन ) कहानी पढ़ें 1.3 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. ചിത്രം - 7

## 2.4.A(4) नए शब्द




ചിത്രം -8 नाए शब्द 1.4

കഥയിലെ പുതിയ പദങ്ങളും അവയുടെ ഉച്ചാരണവും അർഥം വ്യക്തമാക്കുന്ന ചിത്രീകരണവും മനസ്സിലാക്കാൻ नए शब्द 1.4 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. (ചിത്രം - 8)

## B. प्रश्नोत्तरी गतिविधियाँ ( Quiz type activities)

യൂണിറ്റിൽ ഉൾപെടുത്തിയ കഥകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഇവിടെ നൽകിയിട്ടുള്ളത്. കഥകൾ കേട്ടും, വിഡിയോ കണ്ടും കഥകൾ വായിച്ചും അവ പൂർണമായും മനസ്സിലാക്കിയാൽ (अर्थग्रहण) മാത്രമേ ക്വിസ് ടൈപ് പ്രവർത്തനങ്ങളും(प्रश्नोत्तरी गतिविधियाँ) അസൈൻമെന്റ് പ്രവർത്തനങ്ങളും (प्रदत्त कार्य गतिविधियाँ) ചെയ്യാൻ കഴിയൂ. Drag and Drop Activity

(खींचकर जोड़ें गतिविधियाँ), True or False (सही/गलत गतिविधियाँ), Choose the appropriate (सही रूप चुनें), Arrange in proper order (क्रम से लिखें।) എന്നിങ്ങനെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളുണ്ട്. ഇവ ഓരോന്നും ചെയ്യുന്ന വിധം താഴെ നൽകിയിരിക്കുന്നു.

> प्रश्नोत्तरी, प्रदत्तकार्य आदि गतिविधियों को सही प्रकार से पूरा करने के लिए, कहानी के पहलुओं जैसे कथानक, घटना, पात्र आदि को भली-भाँति समझना आवश्यक है।

## a) खींचकर जोड़ें गतिविधियाँ (Drag and drop activity)




ചിത്രം -9 चित्र पहचानें और नाम जोड़ें।





പശ്ചാത്തലമായി നൽകിയിരിക്കുന്ന ചിത്രങ്ങളിലെ പൂരിപ്പിക്കേണ്ട സ്ഥലങ്ങളിലേക്ക് വാക്കുകളോ, വാക്യങ്ങളോ ചിത്രങ്ങളോ ഡ്രാഗ് ചെയ്യുന്ന വിധത്തിലായിരിക്കും പ്രവർത്തനങ്ങൾ

ക്രമീകരിച്ചിട്ടുള്ളത്. ഉദാഹരണമായി, ഒന്നാമത്തെ ലെവലിലെ और चीकू भी എന്ന കഥയിലെ चित्र पहचानें और नाम जोड़ें। (1.6) എന്ന പ്രവർത്തനം ചെയ്യുന്നതെങ്ങനെയെന്നു നോക്കാം.




ചിത്രം -10 Attempt Quiz

ഇതിനായി  चित्र पहचानें और नाम जोड़ें। (1.6)  എന്ന ലിങ്കിൽ (ചിത്രം 9) ക്ലിക്ക് ചെയ്യുക. തുടർന്നു വരുന്ന ജാലകത്തിൽ നിന്നും Attempt Quiz എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. (ചിത്രം 10). അപ്പോൾ ചിത്രങ്ങൾ അടങ്ങിയ ആക്ടിവിറ്റി ജാലകം പ്രത്യക്ഷപ്പെടും (ചിത്രം 11).




ചിത്രം 11 : Drag and drop activity (खींचो और छोड़ो गतिविधियाँ) (before attempt)

പശ്ചാത്തല ചിത്രങ്ങളിലെ അനുയോജ്യമായ സ്ഥലത്തേക്ക് ഡ്രാഗ് ചെയ്യുക. അതിനു ശേഷം താഴെ  നൽകിയിരിക്കുന്ന Finish attempt എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക . ഉത്തരങ്ങൾ ശരിയായാൽ 'Your answer is correct' എന്ന് കാണാൻ കഴിയും.  (ചിത്രം - 12)





ചിത്രം -12 Drag and drop activity ( खींचो और छोड़ो गतिविधियाँ)  (after drag & drop)


Quiz activity ഒരിക്കൽ ഭാഗികമായി ചെയ്ത് വീണ്ടും തുറക്കുമ്പോൾ  Attempt Quiz എന്ന ബട്ടൺ  Continue the last attempt എന്നായി മാറുന്നതാണ്. അതിൽ ക്ലിക്ക്  ചെയ്ത് പ്രവർത്തനം പൂർത്തിയാക്കാം

തുടർന്ന് വരുന്ന ജാലകത്തിലെ (ചിത്രം 13) Submit all and finish എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അതിന് ശേഷം തുറക്കുന്ന Confirmation ജാലകത്തിലും Submit all and finish എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ, Review ജാലകം പ്രത്യക്ഷപ്പെടും (ചിത്രം 14). ഇതിൽ പ്രവർത്തനത്തിന് ലഭിച്ച സ്കോർ, ഗ്രേഡ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടാകും.




ചിത്രം -13 Drag and drop activity( खींचो और छोड़ो गतिविधियाँ) (Submission window)





ചിത്രം -14 Drag and drop activity ( खींचो और छोड़ो गतिविधियाँ) (Activity review )

## b) सही/गलत गतिविधियाँ (True Or False Activity)

स्तर 1 ലെ രണ്ടാമത്തെ കഥയായ बारिश മായി ബന്ധപ്പെട്ട सही/गलत गतिविधियाँ (True or False activities) ചോദ്യങ്ങളുടെ പ്രവർത്തനം പൂർത്തിയാക്കുന്ന വിധം താഴെ വിവരിക്കുന്നു. ഇതിനായി बारिश എന്ന കഥയിൽ ഉൾപ്പെടുത്തിയ सही या गलत। (2.6) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ പ്രത്യക്ഷപ്പെടുന്ന ജാലകത്തിൽ (ചിത്രം 15) 'Attempt quiz now' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. തുടർന്ന് ക്വിസ് ജാലകം പ്രത്യക്ഷപ്പെടും (ചിത്രം 16)




ചിത്രം 15: Attempt quiz now





ചിത്രം 16: Quiz window

നൽകിയിരിക്കുന്ന ഉദാഹരണത്തിൽ 5 ചോദ്യങ്ങളാണ് ഉൾപെടുത്തിയിട്ടുള്ളത് (ചിത്രം 16). Previous page, Next page എന്നീ ബട്ടണുകൾ ഉപയോഗിച്ച് ഇതിലെ ഏതു ചോദ്യവും സെലക്ട് ചെയ്യാം. Quiz Navigation area യിൽ ഉൾപെടുത്തിയിട്ടുള്ള ബട്ടണുകളും ഇതിനായി ഉപയോഗിക്കാം. പൂർത്തിയാക്കിയ ചോദ്യങ്ങളും ചെയ്തു കൊണ്ടിരിക്കുന്ന ചോദ്യവും Quiz Navigation area യിൽ പ്രത്യേകം കാണിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. എല്ലാ ചോദ്യങ്ങളും ചെയ്ത ശേഷം Finish attempt ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. തുടർന്നു വരുന്ന എല്ലാ ജാലകങ്ങളും Drag and Drop activity യിലേതു പോലെതന്നെയാണ്.

## c) बहुविकल्पीय प्रश्न (Multiple Choice Questions)

ഇത്തരം പ്രവർത്തനങ്ങൾ True or False activity കൾ പോലെ തന്നെയാണ്. True/False सही/गलत ചോദ്യങ്ങൾക്കു പകരമായുള്ള बहुविकल्पीय प्रश्न ( Multiple choice) ചോദ്യങ്ങളാണ് ഇവിടെ ഉൾപെടുത്തിയിട്ടുണ്ടായിരിക്കുന്നത്.

स्तर 1 ലെ ഒന്നാമത്തെ കഥയായ और चीकू भी മായി ബന്ധപ്പെട്ട सही शब्द चुनें। (1.5) (Multiple Choice Questions) ചോദ്യങ്ങളുടെ പ്രവർത്തനം പൂർത്തിയാക്കുന്ന വിധം താഴെ വിവരിക്കുന്നു. ഇതിനായി सही शब्द चुनें। എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ പ്രത്യക്ഷപ്പെടുന്ന ജാലകത്തിൽ 'Attempt quiz now' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.





ചിത്രം 17: Multiple choice Questions (बहुविकल्पीय प्रश्न)

തുടർന്ന് പ്രത്യക്ഷപ്പെടുന്ന ജാലകത്തിൽ (ചിത്രം - 17) True or false activity യിൽ വിവരിച്ചതുപോലെ പ്രവർത്തനങ്ങൾ ചെയ്യുക.

## d) सही रूप चुनें (Choose the appropriate)

ഒരു സംഭാഷണത്തിൽ വിട്ടു പോയ ഭാഗം പൂരിപ്പിക്കുന്ന വിധത്തിലാണ് ഈ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. ഉദാഹരണമായി स्तर 3 ലെ ഒന്നാമത്തെ കഥയുമായി (स्कूल का पहला दिन) ബന്ധപ്പെട്ട संवाद पूरा करें। (1.9) എന്ന പ്രവർത്തനം ക്ലിക്ക് ചെയ്യുക (ചിത്രം 18). ഇവിടെ പൂരിപ്പിക്കേണ്ട ഭാഗത്തെ ഓപ്ഷനുകൾ ഒരു ലിസ്റ്റിൽ നൽകിയിരിക്കുന്നു. Option list ൽ നിന്നും അനുയോജ്യമായത് തിരഞ്ഞെടുത്ത് പ്രവർത്തനം ചെയ്യുക. **Finish attempt** ബട്ടണിൽ ക്ലിക്ക് ചെയ്ത് പ്രവർത്തനം അവസാനിപ്പിക്കാം. തുടർന്നു വരുന്ന ജാലകങ്ങൾ Drag and Drop activity യിലേതിനു സമാനമാണ്.





ചിത്രം 18: Quiz Window(सही रूप चुनें)

## C. रिकॉर्डिंग गतिविधियाँ (Recording Activities)


കുട്ടിയുടെ ശബ്ദം ഓഡിയോ ഫോർമാറ്റിലും, ദൃശ്യം വീഡിയോ ഫോർമാറ്റിലും (Audio/video) റെക്കോഡ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സംവിധാനം സോഫ്റ്റുവെയറിൽ ഉൾ പെടുത്തിയിട്ടുണ്ട്. കുട്ടിയുടെ ഭാഷാ പ്രയോഗം മെച്ചപ്പെടുത്തുന്നതിന് ഇവ പിന്നീട് ഉപയോഗപ്പെടുത്താനും കഴിയും. ഈ സംവിധാനം പ്രവർത്തിപ്പിക്കുന്ന വിധം താഴെ നൽ കിയിരിക്കുന്നു.

### C1) ऑडियो रिकॉर्डिंग प्रदत्त कार्य गतिविधियाँ (Audio recording assignment activities)

അസൈൻമെന്റ് പ്രവർത്തനങ്ങളായാണ് (प्रदत्त कार्य गतिविधियाँ) Audio recording പ്രവർത്തനങ്ങളിൽ ഉൾപെടുത്തിയിട്ടുള്ളത്. स्तर 2 ലെ ഒന്നാമത്തെ കഥയായ वह हँस दिया യുമായി ബന്ധപ്പെട്ട प्रदत्त कार्य – वाक्य बनाएँ। (1.11) എന്ന പ്രവർത്തനം ഇത്തരത്തിലുള്ളതാണ്. ഇതിന്റെ പ്രവർത്തനരീതി താഴെ നൽകിയിരിക്കുന്നു. प्रदत्त कार्य – वाक्य बनाएँ। (1.11) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ Assignment Status ജാലകം ലഭ്യമാകും (ചിത്രം 19).





ചിത്രം 19:Assigment Status Window-before assignment submission




ചിത്രം 20: Assignment submission window


നിലവിൽ അസൈൻമെന്റ് Submit ചെയ്യാത്തതിനാൽ Submission status എന്ന ഭാഗത്ത് No attempt എന്നാണ് കാണിച്ചിരിക്കുന്നത്. അസൈൻമെന്റായി ശബ്ദം റെക്കോഡ് ചെയ്യുന്നതിന് Add

submission എന്ന ബട്ടണിൽ ക്ളിക്ക് ചെയ്യുക. Add submission ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ Assignment submission ജാലകം തുറന്നു വരും. ഇതിൽ മുകളിലായി ചെയ്യേണ്ട പ്രവർത്തനം നൽകിയിട്ടുണ്ടാകും (ചിത്രം 20). ജാലകത്തിലെ Sound recording ബട്ടണിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ Record audio ജാലകം തുറന്നു വരും (ചിത്രം 21).





ചിത്രം 21 Record audio window

Record audio ജാലകത്തിലെ **Start recording** ബട്ടണിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ, ജാലകത്തിലെ Start recording എന്നത് Stop recording എന്നായി മാറും (ചിത്രം 21). റെക്കോർഡിങ്ങ് പൂർത്തിയായാൽ Stop recording ബട്ടണിൽ അമർത്തുക. Stop recording ബട്ടണിൽ അമർത്തിയാൽ ജാലകത്തിന് ചിത്രം 22 ലേതുപോലെ മാറ്റങ്ങൾ സംഭവിക്കും. ഇതിലെ **Record again** ബട്ടൺ ഉപയോഗിച്ച് വീണ്ടും റെക്കോർഡിങ്ങ് നടത്താം. അന്തിമമായി റെക്കോർഡിങ്ങ് പൂർത്തീകരിച്ചാൽ **Attach recording** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യാം.





ചിത്രം 22: Record audio window (after recording)

Attach recording എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ ഇത് ജാലകത്തിലെ Editor ൽ ദൃശ്യമാകും (ചിത്രം 23). അതിനു ശേഷം, Save Changes ബട്ടണിൽ ക്ലിക്ക് ചെയ്യുക.




ചിത്രം 23: Attachment on editor

Assignment Status ജാലകം വീണ്ടും ലഭ്യമാകും (ചിത്രം 24). നേരത്തെ കണ്ടതിൽ നിന്നും വ്യത്യസ്തമായി Submission status എന്ന ഭാഗത്ത് **Submitted for grading** എന്നാണ് രേഖപ്പെടുത്തിയിട്ടുണ്ടാകുക. (ചിത്രം 18 ലെ ഇതേ ജാലകവുമായി താരതമ്യം ചെയ്യുക)





ചിത്രം 24 Assignment Status Window – after assignment submission

## C2) वीडियो रिकॉर्डिंग असाइनमेंट (Video Recording Assignments)

വീഡിയോ അസൈൻമെന്റുകൾ സമർപ്പിക്കുന്നതും ഇതേ രീതിയിൽ തന്നെയാണ്. Attach ചെയ്യുന്ന ഭാഗത്തു മാത്രമെ വ്യത്യാസമുള്ളൂ. ഈ വ്യത്യാസം താഴെ നൽകിയിരിക്കുന്നു. വീഡിയോ


റെക്കോർഡ് ചെയ്യുന്നതിന് Record audio ബട്ടന്റെ തൊട്ടടുത്തുള്ള Record video ബട്ടണാണ് ഉപയോഗിക്കേണ്ടത്.

ഇതിൽ ക്ലിക്ക് ചെയ്യുമ്പോൾ Record video ജാലകം പ്രത്യക്ഷപ്പെടും (ചിത്രം 25).





ചിത്രം 25 : Record video window (before recording)

Record video ജാലകത്തിലെ Start recording ബട്ടണിൽ ക്ലിക്ക് ചെയ്ത് റെക്കോർഡിങ്ങ് ആരംഭിക്കാം. അപ്പോൾ പ്രസ്തുത ജാലകത്തിനുണ്ടാകുന്ന മാറ്റം ശ്രദ്ധിക്കുക (ചിത്രം 26). Capture ചെയ്യുന്ന വീഡിയോ ദൃശ്യങ്ങൾ അവിടെ കാണാൻ കഴിയും. അതോടൊപ്പം Start recording എന്ന ബട്ടൺ Stop recording എന്നായി മാറിയിട്ടുണ്ടാകും.





ചിത്രം 26 : Record video window (on record)

Stop recording ബട്ടണിൽ അമർത്തുമ്പോൾ ചിത്രം 27 ൽ കാണിച്ചിരിക്കുന്ന മാറ്റം Record video ജാലകത്തിൽ ദൃശ്യമാകും. Record again ബട്ടൺ ഉപയോഗിച്ച് വീണ്ടും റെക്കോർഡിങ്ങ് നടത്താം. അന്തിമമായി റെക്കോർഡിങ്ങ് പൂർത്തീകരിച്ചാൽ **Attach recording** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യാം.




ചിത്രം 27: Record video window (after recording)

Attach recording എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ വീഡിയോ അസൈൻമെൻ്റ് ജാലകത്തിലെ Editor ൽ ദൃശ്യമാകും (ചിത്രം 28 ). ശേഷം, Save Changes ബട്ടണിൽ ക്ലിക്ക് ചെയ്ത് Submission പൂർത്തിയാക്കുക. തുടർന്നുള്ള പ്രവർത്തനങ്ങൾ ഓഡിയോ റെക്കോർഡിങ്ങിന് ചെയ്തത് പോലെ ചെയാവുന്നതാണ് .




ചിത്രം 28: Video Attachment on editor


## C3) असाइनमेंट अपलॉड गतिविधियाँ (Assignment Upload Activities)

കുട്ടികൾ തയാറാക്കുന്ന വർക്ക്ഷീറ്റുകളും മറ്റ് ഹോം അസൈൻമെൻ്റുകളും സമർപ്പിക്കുന്നതിനുള്ള സംവിധാനവും ഈ സോഫ്റ്റുവെയറിൽ ഒരുക്കിയിട്ടുണ്ട്. **स्तर 3** യിലെ **स्कूल का पहला दिन** എന്ന കഥയിലെ **प्रदत्त कार्य – डायरी लिखें** (1.10) എന്ന പ്രവർത്തനം ചെയ്യുന്ന വിധം ഉദാഹരണമായി താഴെ നൽകിയിരിക്കുന്നു.

(ലോഗിൻ ചെയ്യുന്നതിനായി 7a1 എന്ന യൂസർനാമവും 7a1 എന്ന പാസ്‌വേഡും നൽകാം. ലോഗിൻ ചെയ്ത ശേഷം Left Panel ലെ स्कूल का पहला दिन എന്ന യൂണിറ്റിൽ ക്ലിക്ക് ചെയ്യുക. (ചിത്രം- 29)





ചിത്രം 29: Activities included in the unit 'स्कूल का पहला दिन- स्तर 3




ചിത്രം 30 : Assignment Submission status window (before submission)

വലതു വശത്ത് പ്രത്യക്ഷപ്പെടുന്ന പ്രവർത്തനങ്ങളിൽ നിന്നും प्रदत्त कार्य – डायरी लिखें। (1.10) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ Assignment Status ജാലകം ലഭ്യമാകും (ചിത്രം 30). മുകളിലായി Assignment നൽകിയിട്ടുണ്ടാകും. [स्कूल में रानी का पहला दिन था। रानी की उस दिन की डायरी लिखें और फॉटो अपलॉड करें।].


നിലവിൽ അസൈൻമെന്റ് Submit ചെയ്യാത്തതിനാൽ Submission status എന്ന ഭാഗത്ത് No attempt എന്നാണ് കാണിച്ചിരിക്കുന്നത്. അസൈൻമെന്റായി Worksheet അപ്‌ലോഡ് ചെയ്യുന്നതിന് Add submission എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ Assignment സമർപ്പിക്കുന്നതിനുള്ള ജാലകം ലഭ്യമാകും (ചിത്രം 31).




ചിത്രം 31 : Assignment Submission window (before drag&drop)

ജാലകത്തലെ Drag and drop area യിലേക്ക് മുൻകൂട്ടി തയാറാക്കി വച്ചിട്ടുള്ള worksheet ഡ്രാഗ് ആന്റ് ഡ്രോപ് ചെയ്യുക (കുട്ടികൾക്കായി നൽകുന്ന വർക്ക്ഷീറ്റുകൾ കമ്പ്യൂട്ടറിൽ തന്നെ തയാറാക്കണമെന്നില്ല).

(കുട്ടികൾ പേപ്പറിൽ തയാറാക്കുന്ന വർക്ക്ഷീറ്റുകളുടെ ഡിജിറ്റൽ ഫോട്ടോ ടീച്ചറുടെ സഹായത്തോടെ തയാറാക്കി അപ്‌ലോഡ് ചെയ്താൽ മതി.)




ചിത്രം 32: Assignment Submission window (After drag & drop)

Drag and drop ചെയ്ത ശേഷം ജാലകത്തിലുണ്ടായ മാറ്റം ശ്രദ്ധിക്കുക (ചിത്രം 32). Drag and drop area യിൽ drop ചെയ്ത ഫയലിന്റെ ഐക്കൺ ദൃശ്യമാകും. അതിനുശേഷം **Save changes** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് Submission പൂർത്തിയാക്കാം. Submission പൂർത്തിയാക്കിയാൽ Assignment Status ജാലകം വീണ്ടും ലഭ്യമാകും (ചിത്രം 33).




ചിത്രം 33 : Assignment Submission status window (after submission)

നേരത്തെ കണ്ടതിൽ നിന്നും വ്യത്യസ്തമായി Submission status എന്ന ഭാഗത്ത് Submitted for grading എന്നാണ് രേഖപ്പെടുത്തിയിട്ടുണ്ടാകുക. (ചിത്രം 24 ലെ ഇതേ ജാലകവുമായി താരതമ്യം ചെയ്യുക)

# 3. (शिक्षक लॉगिन) Teacher Login

## 3.1(परिचय ) Introduction

ई–क्यूब हिंदी भाषा प्रयोगशाला സോഫ്റ്റുവെയറിൽ പഠിതാവ് പൂർത്തിയാക്കുന്ന ഓരോ പഠന പ്രവർത്തനവും ക്ലാസ്സ് അടിസ്ഥാനത്തിൽ കമ്പ്യൂട്ടറിൽ ശേഖരിക്കപ്പെടുന്നുണ്ട്. ഇത് എപ്പോൾ വേണമെങ്കിലും ടീച്ചർക്ക് പരിശോധിച്ച് ഫീഡ്ബാക്ക് നൽകാം. ആവശ്യമെങ്കിൽ, കുട്ടികളുടെ പ്രോഗ്രസ് റിപ്പോർട്ട് തയാറാക്കാം. ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനു വേണ്ടിയാണ് ഓരോ ക്ലാസ്സിനും പ്രത്യേകം ടീച്ചർ ലോഗിൻ നൽകിയിട്ടുള്ളത്.

താഴെ നൽകിയിരിക്കുന്ന പട്ടിക കാണുക. സോഫ്റ്റുവെയറിൽ ഓരോ ക്ലാസ്സിലെയും ടീച്ചറുടെ ലോഗിൻ ക്രമീകരിച്ചിരിക്കുന്ന വിധം ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. അതായത്, 5 A ക്ലാസിലെ ടീച്ചറുടെ യൂസർനാമം **5at** യിരിക്കും. പാസ്സ്‌വഡും **5at** ആയിരിക്കും.

| No | Standard | Division | User name | Password | Remarks |
|---|---|---|---|---|---|
| 1 | Standard 5 | A | 5at | 5at | Standard 5, Division A, Teacher |
| 2 | Standard 5 | B | 5bt | 5bt | Standard 5, Division B, Teacher |
| 3 | Standard 6 | A | 6at | 6at | Standard 6, Division A, Teacher |
| 4 | Standard 6 | B | 6bt | 6bt | Standard 6, Division A, Teacher |
| 5 | Standard 7 | A | 7at | 7at | Standard 7, Division A, Teacher |
| 6 | Standard 7 | B | 7bt | 7bt | Standard 7, Division B, Teacher |

താഴെ നൽകിയിരിക്കുന്ന പട്ടിക കാണുക. 3 ലെവലുകളിലായാണ് ഈ സോഫ്റ്റുവെയറിൽ പഠനപ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. ലോഗിൻ ചെയ്യേണ്ട ക്ലാസ്സ് ഉൾപെടുന്ന ലെവൽ തിരഞ്ഞെടുത്ത് കോഴ്സിലേക്ക് പ്രവേശിക്കാം. ഉദാഹരണ മായി स्तर 1 (Level 1) ലേക്കാണ് പ്രവേശിക്കേണ്ടതെങ്കിൽ സോഫ്റ്റുവെയർ തുറന്നു വരുമ്പോൾ ലഭിക്കുന്ന ജാലകത്തിലെ स्तर 1 എന്നതിൽ (ചിത്രം 34) ക്ലിക്ക് ചെയ്യുക.


Click here to Enter Level 1

| Sl.No. | Level | Description |
|---|---|---|
| 1 | स्तर : 1 **(Level 1)** | कक्षा : 5 (For Standard 5) |
| 2 | स्तर : 1 **(Level 1)** | कक्षा : 6 (For Standard 6) |
| 3 | स्तर : 1 **(Level 1)** | कक्षा : 7 (For Standard 7) |





ചിത്രം -34 ടീച്ചർ ലോഗിൻ -കോഴ്സ് ലെവെലുകൾ

ഇങ്ങനെ ക്ലിക്ക് ചെയ്യുമ്പോൾ ഒരു ലോഗിൻ ജാലകം (ചിത്രം 35) പ്രത്യക്ഷപെടും. ഇവിടെ യൂസർ നെയിം പാസ്‌വേഡ് എന്നിവ നൽകി ടീച്ചർക്ക് ലോഗിൻ ചെയ്യാം.




ചിത്രം -35: login window

## 3.2 पाठ्यक्रम प्रवेश (शिक्षक) Course Entry (Teachers)





ചിത്രം 36 : Course Available for Standard 5

ലോഗിൻ ചെയ്ത ശേഷം കോഴ്സിലേക്ക് പ്രവേശിക്കുന്നവിധമാണ് ഇവിടെ വിവരിക്കുന്നത്. ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകമാണ് ചിത്രം 36 ൽ നൽകിയിരിക്കുന്നത്. ചിത്രത്തിൽ 5A ക്ലാസ്സിലെ ടീച്ചറായാണ് ലോഗിൻ ചെയ്തിരിക്കുന്നത്. ഇവർക്ക് स्तर 1 കോഴ്സ് മാത്രമെ ലഭ്യമാകുകയുള്ളൂ.

### गतिविधि निरीक्षण (Course Content)

ലോഗിൻ ചെയ്താൽ ലഭിക്കുന്ന ജാലകത്തിലെ Level 1 ( स्तर 1) ക്ലിക്ക് ചെയ്താൽ കോഴ്സിന്റെ ഉള്ളടക്കം കാണാം (ചിത്രം 37). ഇവിടെ 5 യൂണിറ്റുകളിലായി നിരവധി പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകളുടെയും പേരുകൾ Left panel ൽ കാണാം. Unit ന്റെ പേരിൽ ക്ലിക്ക് ചെയ്താൽ പ്രസ്തുത Unit ൽ ഉൾപെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ വലതു വശത്ത് കാണാം.




ചിത്രം 37 : Course content

## 3.3 गतिविधि निरीक्षण (Activity Monitoring)


കോഴ്സിൽ ഉൾപെടുത്തിയ അസൈൻമെന്റ് ആക്ടിവിറ്റികളും ക്വിസ് ടൈപ്പ് ആക്ടിവിറ്റികളും കുട്ടികൾ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം സോഫ്റ്റ്‌വെയറിലുണ്ട്. എല്ലാ ക്വിസ് ടൈപ്പ് പ്രവർത്തനങ്ങളുടെയും ഉത്തരം സോഫ്റ്റുവെയർ തന്നെ വിലയിരുത്തി സ്കോർ നൽകുന്നതാണ്. ഈ സ്കോറുകൾ അധ്യാപകർക്ക് പിന്നീട് പരിശോധിക്കാനും കഴിയും.

അതൊടൊപ്പം കുട്ടികൾ അപ്‌ലോഡ് ചെയ്ത അസൈൻമെന്റുകൾ ടീച്ചർ ടെക്സ്റ്റിന്റെയും മൂല്യനിർണയ സൂചകങ്ങളുടെയും അടിഥാനത്തിൽ അധ്യാപകർ തന്നെ വിലയിരുത്തി സ്കോർ നൽകേണ്ടതാണ്. പരിശോധിക്കുന്നതിനും ഗ്രേഡ് നൽകുന്നതിനും ഈ സോഫ്റ്റുവെയറിലെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്ന വിധം താഴെ പ്രതിപാദിച്ചിരിക്കുന്നു.


### A. प्रश्नोत्तरी गतिविधियों का निरीक्षण (Monitoring – Quiz type Activities)

യൂണിറ്റിൽ ഉൾപെടുത്തിയ കഥകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഇവിടെ നൽകിയിട്ടുള്ളത്. Drag and Drop Activity (खींचकर जोड़ें गतिविधियाँ), True or False (सही/गलत गतिविधियाँ), Choose the

appropriate (सही रूप चुनें), Arrange in proper order (क्रम से लिखें।) എന്നിങ്ങനെ വിവിധ തരത്തിലുണ്ട്. ക്ലാസ്സിലെ കുട്ടികൾ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്ന വിധം താഴെ വിവരിച്ചിരിക്കുന്നു. ഉദാഹരണമായി, ഒന്നാമത്തെ ലെവലിലെ और चीकू भी എന്ന കഥയിലെ चित्र पहचानें और नाम जोड़ें। (1.6) എന്ന പ്രവർത്തനം ചെയ്യുന്നതെങ്ങനെയെന്നു നോക്കാം. ഇതിനായി चित्र पहचानें और नाम जोड़ें। എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ ഒരു പുതിയ ജാലകം ലഭ്യമാകും (ചിത്രം 38).




ചിത്രം 38 चित्र पहचानें और नाम जोड़ें। Activity in teacher login




| First name / Surname | Email address | State | Started on | Completed | Time taken | Grade/10.00 | Q.1 /10.00 |
|---|---|---|---|---|---|---|---|
| No1 V-A Review attempt | 5astud1@kiteschool.in | Finished | 17 October 2024 4:30 PM | 19 October 2024 7:50 PM | 2 days 3 hours | 10.00 | ✓10.00 |
| No1 V-A Review attempt | | Finished | 19 October 2024 9:22 PM | 19 October 2024 9:25 PM | 3 mins | 10.00 | ✓10.00 |
| No1 V-A Review attempt | | In progress | 20 October 2024 9:03 AM | - | - | - | - |
| No2 V-A Review attempt | 5astud2@kiteschool.in | Finished | 20 October 2024 12:31 PM | 20 October 2024 12:53 PM | 21 mins 40 secs | 10.00 | ✓10.00 |
| No2 V-A Review attempt | | In progress | 22 November 2024 2:42 PM | - | - | - | - |
| No3 V-A Review attempt | 5astud3@kiteschool.in | Finished | 22 November 2024 2:43 PM | 22 November 2024 2:44 PM | 28 secs | 10.00 | ✓10.00 |
| No4 V-A Review attempt | 5astud4@kiteschool.in | Finished | 22 November 2024 2:54 PM | 22 November 2024 2:55 PM | 56 secs | 2.00 | 2.00 |
| No5 V-A Review attempt | 5astud5@kiteschool.in | Finished | 22 November 2024 3:03 PM | 22 November 2024 3:03 PM | 24 secs | 10.00 | ✓10.00 |

ചിത്രം 39: Consolidation (चित्र पहचानें और नाम जोड़ें। )


പുതിയ ജാലകത്തിലെ **Preview quiz now** എന്ന ബട്ടൺ ഉപയോഗിച്ച് ടീച്ചർക്ക് Activity കാണുകയും ചെയ്തു നോക്കുകയുമാവാം. **Attempts** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ പ്രവർത്തനം ചെയ്തവരുടെയും അല്ലാത്തവരുടെയും വിവരങ്ങൾ പുതിയ ജാലകത്തിൽ ലഭ്യമാകും (ചിത്രം 39). പ്രവർത്തനം പൂർത്തീകരിച്ചവരുടെ സ്കോറും ഇതോടൊപ്പം ലഭിക്കും. ഇത് വിവിധ ഫയൽ ഫോർമാറ്റുകളിൽ ഡൗൺലോഡ് ചെയ്യാനും ഈ ജാലകത്തിൽ സംവിധാനമുണ്ട് .

.

കോഴ്സിന്റെ ഭാഗമായ Quiz type Activities എല്ലാം ഇത്തരത്തിൽ മോണിറ്റർ ചെയ്യാവുന്നതാണ്

## B. प्रदत्त कार्य गतिविधियों का निरीक्षण (Monitoring — Assignment Activities)

ടീച്ചർക്ക് സ്കോർ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം കൂടി Assignment Activities ന്റെ മോണിറ്ററിങ്ങ് സംവിധാനത്തിലുണ്ടായിരിക്കും. ഉദാഹരണമായി, स्तर 2 ലെ ഒന്നാമത്തെ കഥയായ **वह हँस दिया** യുമായി ബന്ധപ്പെട്ട **प्रदत्त कार्य – वाक्य बनाएँ।** (1.11) എന്ന അസൈൻമെന്റ് ആക്ടിവിറ്റി പരിശോധിക്കുന്നതെങ്ങനെയെന്ന് നോക്കാം. ഇതിനായി പ്രസ്തുത യൂണിറ്റ് തിരഞ്ഞെടുത്ത് प्रदत्त कार्य – वाक्य बनाएँ। (1.11) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക അപ്പോൾ, Grading Summary ജാലകം ലഭ്യമാകും (ചിത്രം 40).





ചിത്രം 40:Grading summary (प्रदत्त कार्य – वाक्य बनाएँ।। )

Grading Summary ജാലകത്തിന്റെ മുകളിലായി Assignment Question ഉണ്ടായിരിക്കും. ക്ലാസിലെ കുട്ടികളുടെ എണ്ണം, Submit ചെയ്ത കുട്ടികളുടെ എണ്ണം, എത്ര പേർക്ക് ഗ്രേഡ് നൽകി എന്നീ കാര്യങ്ങൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. കുട്ടികൾ Submit ചെയ്തത് കാണുകയോ കേൾക്കുകയോ ചെയ്യണമെങ്കിൽ **View all submissions** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യണം.

View all submissions എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ പുതിയ ജാലകം ലഭ്യമാകും (ചിത്രം 41). ഇതിൽ Online text എന്ന കോളത്തിൽ കുട്ടികൾ submit ചെയ്ത Audio clip കൾ കാണാൻ കഴിയും. ഇവ എപ്പോൾ വേണമെങ്കിലും ടീച്ചർക്ക് പ്രവർത്തിപ്പിച്ചു നോക്കാം..

Grade നൽകുന്നതിനുള്ള സംവിധാനവും ഇതേ ജാലകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. **Grade** എന്ന കോളത്തിലെ Textbox ലാണ് പഠിതാവിന്റെ ഗ്രേഡ് രേഖപ്പെടുത്തേണ്ടത്. ചിത്രത്തിൽ ആദ്യത്തെ കുട്ടിക്ക് ഗ്രേഡ് നൽകിയിരിക്കുന്നത് കാണുക (ചിത്രം 40). അതു പോലെ Grade ബട്ടണിൽ ക്ലിക്ക് ചെയ്യുകയാണെങ്കിൽ തുറന്നു വരുന്ന ജാലകത്തിൽ Grade രേഖപ്പെടുത്തുകയും Feedback comments എന്ന കോളത്തിൽ Feedback രേഖപ്പെടുത്തുകയും ചെയ്യാം.





ചിത്രം 41: Consolidation of submissions in प्रदत्त कार्य गतिविधियों का निरीक्षण

പഠിതാവ് വർക്ക് ഷീറ്റുകൾ അസൈൻമെന്റിന്റെ ഭാഗമായി upload ചെയ്തിട്ടുണ്ടെങ്കിൽ **File submissions** എന്ന കോളത്തിൽ upload ചെയ്ത worksheet കൾ കാണാം. ഇതിൽ ക്ലിക്ക് ചെയ്താൽ worksheet തുറന്നു വരും. (Supporting format ആണെങ്കിൽ മാത്രം. അല്ലെങ്കിൽ ഡൗൺ ലോഡ് ചെയ്ത് തുറക്കണം.) ഇത് പരിശോധിച്ച് Grade എന്ന കോളത്തിൽ Grade score നൽകാം.


Grading പൂർത്തിയായാൽ, ജാലകത്തിൽ താഴെ നൽകിയിട്ടുള്ള **Save all grading changes** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക തുടർന്ന് **Continue** കിക്ക് ചെയ്യുക . അപ്പോൾ Grading Summary ജാലകം വീണ്ടും ദൃശ്യമാകും. പുതിയതായി Grading നൽകിയതിനനുസരിച്ചുള്ള മാറ്റം ജാലകത്തിൽ വന്നിട്ടുണ്ടാകും.

ടീച്ചർ ലോഗിനിലെ **Participants** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ആ ക്ലാസ്സിലെ കുട്ടികളുടെ ലിസ്റ്റ് കാണാം.(ചിത്രം- 42). ഏതെങ്കിലും കുട്ടിയുടെ പേരിൽ ക്ലിക്ക് ചെയ്താൽ ആ കുട്ടിയുടെ





ചിത്രം 42: ടീച്ചർ ലോഗിൻ- പഠിതാക്കളുടെ ലിസ്റ്റ്

പ്രൊഫൈൽ തുറക്കുന്നു. ഇതിൽ വിവിധ തരത്തിലുള്ള റിപ്പോർട്ടുകൾ ലഭ്യമാണ് (ചിത്രം 43). ഇത് സേവ് ചെയ്യുകയോ പ്രിന്റ് എടുക്കുകയോ ചെയ്യാം.




ചിത്രം 43: ടീച്ചർ ലോഗിൻ- റിപ്പോർട്ടുകൾ

അതുപോലെ ടീച്ചർ ലോഗിനിലെ **Grades** എന്ന ലിങ്കിൽ കുട്ടികൾക്ക് ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡ് കാണാനും പ്രിന്റ് എടുക്കാനും സംവിധാനവും ലഭ്യമാണ് (ചിത്രം-44) .




ചിത്രം 44: ടീച്ചർ ലോഗിൻ- ഗ്രേഡ്


# 4. प्रधान शिक्षक लॉगिन (HM Login)

കുട്ടികൾ E-cube സോഫ്റ്റുവെയറിൽ ചെയ്ത ഓരോ പ്രവർത്തനവും ക്ലാസ്സ് ടീച്ചർക്ക് കാണാനും മോണിറ്റർ ചെയ്യുവാനും കഴിയുമെന്ന് ഇതിനകം നാം പരിചയപ്പെട്ടു. എന്നാൽ, HM login (प्रधान शिक्षक लॉगिन) ഉപയോഗിക്കുകയാണെങ്കിൽ എല്ലാ ക്ലാസ്സികളിലെയും കുട്ടികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ കഴിയും. അതുപോലെ സ്കൂളിലെ മൊത്തം കുട്ടികളുടെയും Activity Report (गतिविधि रिपोर्ट) , Participation report (भागीदारी रिपोर्ट) തുടങ്ങിയവയും ഈ ലോഗിനിൽ ലഭ്യമാണ്.

## 4.1 पाठ्यक्रम प्रवेश प्रधान शिक्षक Course Entry (HM)

താഴെ നൽകിയിരിക്കുന്ന യൂസർനാമവും പാസ്‌വേഡും ഉപയോഗിച്ചാണ് HM ലോഗിനിൽ പ്രവേശിക്കേണ്ടത്.

| Username | Password |
|---|---|
| hm | hm1 |




ചിത്രം 45:प्रधान शिक्षक लॉगिन (HM login)

കോഴ്സിൽ ഉൾപ്പെടുത്തിയ എല്ലാ ലെവലുകളും HM login ൽ ലഭ്യമാണ് ( ചിത്രം 45 ) . HM ലോഗിനിൽ പ്രവേശിച്ചു ഏതെങ്കിലും ഒരു ലെവൽ തിരഞ്ഞെടുത്താൽ (ഇവിടെ ലെവൽ 1) താഴെ നൽകിയ പോലെയുള്ള ജാലകം ലഭിക്കും (ചിത്രം-46).





ചിത്രം 46:HM login स्तर 1(level 1)

ജാലകത്തിന്റെ മുകൾഭാഗത്ത് വലതുവശത്തായി കാണുന്ന Gear button അമർത്തിയാൽ ലഭ്യമാകുന്ന More എന്ന ബട്ടണിലാണ് HM ലോഗിനുമായി ബന്ധപ്പെട്ട അധിക ഓപ്ഷനുകൾ ലഭ്യമാകുക. ഇതിൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന COURSE ADMINISTRATION ജാലകം താഴെ നൽകിയിരിക്കുന്നു. (ചിത്രം 47)

## 4.2 रिपोर्ट तैयार करना (Report Generation)

Course administration ജാലകത്തിലെ Course administration tab ൽ (ചിത്രം 47) പ്രവേശിച്ച് താഴെ പറയുന്ന റിപ്പോർട്ടുകൾ ലഭ്യമാക്കാം.





ചിത്രം 47:HM login – Course administration

## A. पाठ्यक्रम पूर्ति रिपोर्ट (Course Completion Report)

പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട് ഇവിടെ ലഭ്യമാകുന്നു. **Course Completion Report** എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ താഴെ നൽകിയിരിക്കുന്ന ജാലകം ലഭ്യമാകും (ചിത്രം 48).

ജാലകത്തിലെ Separate groups എന്നതിനു നേരെയുള്ള ലിസ്റ്റിൽ നിന്നും All participants എന്ന ഓപ്ഷൻ സെലക്ട് ചെയ്താൽ പ്രസ്തുത ലെവലിലെ എല്ലാ കുട്ടികളുടെയും വിവരങ്ങൾ ലഭ്യമാകും. എതെങ്കിലും ക്ലാസിലെ റിപ്പോർട്ടാണ് വേണ്ടതെങ്കിൽ Separate groups എന്നതിനു നേരെയുള്ള ലിസ്റ്റിൽ നിന്നും ക്ലാസ് സെലക്ട് ചെയ്താൽ മതി.




ചിത്രം 48:HM login –पाठ्यक्रम पूर्ति रिपोर्ट( Course completion report)

ലഭ്യമാകുന്ന ലിസ്റ്റിൽ പഠിതാക്കൾ പൂർത്തിയാക്കിയ പ്രവർത്തനങ്ങൾക്കു നേരെ ടിക് മാർക്ക് വന്നിട്ടുണ്ടാകും. ലിസ്റ്റലെ വിവരങ്ങൾ സ്പ്രെഡ്ഷീറ്റായി ഡൗൺലോഡ് ചെയ്യാനും കഴിയും. ഇതിനായി ജാലകത്തിന്റെ താഴെ നൽകിയ **Download in spreadsheet format** (UTF-8 .csv) എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ ലഭിക്കന്ന ഡയലോഗ് ബോക്സിൽ അനുയോജ്യമായ പേരു നൽകി സേവ് ചെയ്താൽ മതി.

## B. गतिविधि पूर्ति रिपोर्ट (Activity Completion Report)


Course administration ജാലകത്തിൽ നിന്നും Activity report എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ താഴെ നൽകിയിരിക്കുന്ന ജാലകം ലഭ്യമാകും (ചിത്രം 49). കുട്ടികൾ ഏറ്റവും കൂടുതലായി ഏതെല്ലാം Activity കളാണ് ഉപയോഗപ്പെടുത്തുന്നതെന്ന് ഇതിലൂടെ മനസ്സിലാക്കാം.





ചിത്രം 49:HM login – गतिविधि पूर्ति रिपोर्ट (Activity completion report)

## 4.3 नामांकन और नामांकन रद्दीकरण (Enrolment & Unenrolment)

HM login ൽ ഉൾപെടുത്തിയിട്ടുള്ള ഈ ഓപ്ഷൻ ഉപയോഗക്കേണ്ടത്. COURSE ADMINISTRATION ജാലകത്തിലെ User tab ലുള്ള Enrolled users എന്ന ഓപ്ഷനാണ് ഇതിന് ഉപയോഗിച്ച് കുട്ടികളെ കൂട്ടിച്ചേർക്കാനും ഒഴിവാക്കാനും കഴിയും. (ചിത്രം: 50)




ചിത്രം 50:HM login – Unenrollment & Enrollment





ചിത്രം 51:HM login – Unenrollment & Enrollment


Enrolled users എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന ജാലകത്തിലെ (ചിത്രം 51) Search keyword or select filter എന്ന ലിസ്റ്റിൽ നിന്നും റോൾ നമ്പറുകൾ ഒഴിവാക്കേണ്ട ക്ലാസ്സ് തിരഞ്ഞെടുക്കുക. അതിനു ശേഷം ഒഴിവാക്കേണ്ട റോൾ നമ്പറിനു നേരെയുള്ള delete ബട്ടണിൽ ക്ലിക്ക് ചെയ്ത് Unenrol ചെയ്യുക. ഇതേ റോൾ നമ്പർ പിന്നീട് Enrol ചെയ്ത് ചേർക്കുകയുമാകാം. ഒഴിവാക്കിയ റോൾ നമ്പർ വീണ്ടും ചേർക്കുന്നതിന്, ഇതേ ജാലകത്തിലെ **Enrol users** എന്ന ബട്ടണിലാണ് അമർത്തേണ്ടത്. അപ്പോൾ ലഭിക്കുന്ന ജാലകത്തിൽ നിന്നും റോൾ നമ്പർ Search ചെയ്ത് കണ്ടെത്തി Enrol Users എന്ന ബട്ടണിൽ അമർത്തിയാൽ മതി.

# 5. How to Install E-cube Hindi Language Lab software

- E-cube_Hindi_Language_Lab_Software.tar എന്ന ഫയൽ ഹോം ഫോൾഡറിൽ extract ചെയ്യുക.
- extract ചെയ്തപ്പോൾ ലഭിച്ച E-cube_Hindi_Language_Lab_Software എന്ന ഫോൾഡർ ഡബിൾ ക്ലിക്ക് ചെയ്ത് തുറക്കുക.
- E-cube_Hindi_server_install.sh എന്ന ഫയലിൽ right click ചെയ്ത് 'Run as a Program' ക്ലിക്ക് ചെയ്യുക.
- Ubuntu 18..04 OS ൽ E-cube_Hindi_server_install.sh എന്ന ഫയലിൽ ഡബിൾ ക്ലിക്ക് ചെയ്ത് തുറന്ന് വരുന്ന ജാലകത്തിൽ 'Run in Terminal' ക്ലിക്ക് ചെയ്യുക.
- Application- Education മെനുവിൽ നിന്നോ School Resources മെനുവിൽ നിന്നോ E-cube Hindi പ്രവർത്തിപ്പിക്കാം.
- Ubuntu 22.04 ൽ സേർച്ച് മെനുവിൽ E cube Hindi എന്ന് ടൈപ്പ് ചെയ്ത് സോഫ്റ്റുവെയർ തിരഞ്ഞെടുക്കാം .




തുടർന്ന് പാസ്‌വേർഡ് നൽകുന്നതിനുള്ള ജാലകം ലഭിക്കുന്നു. തുടർന്ന് പാസ്‌വേർഡ് നൽകുന്നതിനുള്ള ജാലകം ലഭിക്കുന്നു. പാസ്‌വേർഡ് നൽകി Authenticate ൽ ക്ലിക്ക് ചെയ്യുന്നതോടെ ഇൻസ്റ്റലേഷൻ ആരംഭിക്കുന്നു. ഇൻസ്റ്റലേഷൻ പൂർത്തിയായതിനുശേഷം കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്യുക. Education മെനുവിൽ നിന്നോ School Resources മെനുവിൽ നിന്നോ E-cube Hindi പ്രവർത്തിപ്പിക്കാം.





## 5.1 Other Facilities

### A. Client-Server Method

E-cube_Language_Lab സോഫ്റ്റുവെയർ ഇൻസ്റ്റാൾ ചെയ്യുമ്പോൾ ഹോമിലെ Documents ൽ E-Cube എന്ന പേരിൽ ഒരു ഫോൾഡർ നിർമ്മിക്കപ്പെടുന്നുണ്ട്. ഇതിനുള്ളിൽ Hindi എന്ന ഒരു ഫോൾഡർ കാണാം. അത് തുറക്കുമ്പോൾ Create_Hindi_Client-installer.sh, E-cube_Hindi-backup.sh, Uninstall_E-cube_Hindi_Software.sh എന്നിങ്ങനെ മൂന്ന് ഫയലുകൾ കാണാം.

ലോക്കൽ ഏരിയ നെറ്റ്‌വർക്ക് (LAN) ലഭ്യമാണെങ്കിൽ, ഒരു കമ്പ്യൂട്ടറിൽ ഇത് ഇൻസ്റ്റാൾ ചെയ്തതിനു ശേഷം, മറ്റ് കമ്പ്യൂട്ടറുകളിൽ നെറ്റ്‌വർക്ക് മുഖേന E-cube Hindi Language Lab software പ്രവർത്തിപ്പിക്കാം. ഈ രീതിയിൽ മറ്റ് കമ്പ്യൂട്ടറുകളിൽ E-cube Hindi ലഭിക്കുന്നതിന് Client Software മാത്രം ഇൻസ്റ്റാൾ ചെയ്താൽ മതി. Client Software ലഭിക്കുന്നതിനുള്ള മാർഗം ചുവടെ നൽകുന്നു.

- E-cube Language Lab ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടറിലെ Documents ൽ ഉള്ള E-cube എന്ന ഫോൾഡർ തുറക്കുക.
- Create_Hindi_Client-installer.sh എന്ന ഫയൽ ഡബ്ൾക്ലിക്ക് ചെയ്ത് Run ൽ ക്ലിക്ക് ചെയ്യുക.
- Ubuntu 22.04 OS ൽ Create_Hindi_Client-installer.sh ഫയലിൽ right ക്ലിക്ക് ചെയ്ത് 'Run as a Program' ക്ലിക്ക് ചെയ്താൽ മതി.
- ഇപ്പോൾ E-cube_Client_installer.tar.gz എന്ന ഫയൽ അവിടെ ലഭിക്കുന്നു.
- ഈ ഫയലാണ് മറ്റു കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്യേണ്ടത്.





### ഇൻസ്റ്റാൾ ചെയ്യുന്നതിനായി


- ഇത് മറ്റ് കമ്പ്യൂട്ടറുകളിലേക്ക് കോപ്പി ചെയ്ത് എക്സ്ട്രാക്റ്റ് ചെയ്യുക.
- ഇപ്പോൾ ലഭിച്ച ഫോൾഡറിലെ E-cube_client_install.sh എന്ന ഫയൽ ഡബ്ൾക്ലിക്ക് ചെയ്ത് Run in Terminal ൽ ക്ലിക്ക് ചെയ്യുക.
- Ubuntu 22.04 OS ൽ Create_Hindi_Client-installer.sh ഫയലിൽ right ക്ലിക്ക് ചെയ്ത് 'Run as a Program' ക്ലിക്ക് ചെയ്യണം.
- ഇനി Education മെനുവിൽ നിന്നോ School Resources മെനുവിൽ നിന്നോ E-cube Hindi Language Lab പ്രവർത്തിപ്പിക്കാം.
- യൂസറിന്റെ ഹോമിലാണ് ഇത് ഇൻസ്റ്റാൾ ആവുന്നത്. അതുകൊണ്ട് ഇൻസ്റ്റാൾ ചെയ്യുന്ന യൂസറിൽ മാത്രമേ E-cube English ലഭ്യമാവുകയുള്ളൂ. ഒന്നിലധികം User ഉള്ള കമ്പ്യൂട്ടറിൽ മറ്റ് users ൽ ലഭിക്കണമെങ്കിൽ അവയിലും ഇത് ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ട്.

### സെർവർ-ക്ലയന്റ് രീതിയിൽ E-cube English പ്രവർത്തിപ്പിക്കുന്ന രീതി.

- E-cube Language Lab ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടറും (സെർവർ) ക്ലയന്റ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടറുകളും ഒരേ നെറ്റ്‌വർക്കിൽ കണക്ട് ചെയ്യുക.
- സെർവർ കമ്പ്യൂട്ടറിൽ E Cube Hindi e Language lab തുറക്കുക.
- ഇപ്പോൾ സെർവറിന്റെ IP address പ്രദർശിപ്പിക്കുന്ന ഒരു മെസേജ് ബോക്സ് പ്രത്യക്ഷപ്പെടും. ഈ സെർവർ IP എഴുതിയെടുക്കുക.




- ക്ലയന്റ് കമ്പ്യൂട്ടറുകളിൽ E-cube Hindi തുറക്കുക.
- ഇപ്പോൾ പ്രത്യക്ഷപ്പെടുന്ന ബോക്സിൽ ഈ IP ടൈപ്പ് ചെയ്ത് OK ചെയ്യുക.




## B Networking in Laptops using Hotspot


നെറ്റ്വർക്ക് സൗകര്യം ലഭ്യമല്ലാത്ത ലാബുകളിൽ ലാപ്ടോപ്പുകളിൽ ലഭ്യമായ Wi-Fi Hotspot ഉപയോഗിച്ച് ലാപ്ടോപ്പുകളെ പരസ്പരം കണക്ട് ചെയ്യാം. ഇതിനുവേണ്ടി ഏതെങ്കിലും ഒരു ലാപ്ടോപ്പിനെ Hotspot നിർമ്മിക്കുക. Hotspot സജ്ജമാക്കുന്നതിനുള്ള സൗകര്യം Accessories മെനുവിൽ Wi-Fi Hotspot എന്ന പേരിൽ നൽകിയിട്ടുണ്ട്. ഇതിൽ ക്ലിക്ക് ചെയ്യുക. (സെർവറിലും ക്ലയന്റുകളിലും ഇത് കാണാം.) ഇതിൽ ക്ലിക്ക് ചെയ്യുമ്പോൾ ചുവടെ കാണുന്ന രീതിയിലുള്ള ഒരു ജാലകം ലഭിക്കും.




Hotspot നിർമ്മിക്കാൻ Create എന്നതിലും, നിർമ്മിച്ച Hotspot ഒഴിവാക്കാൻ Delete എന്നതിലും ക്ലിക്ക് ചെയ്യുക. (Admin പ്രിവിലെജ് ഉള്ള യൂസറിലേ ഇത് പ്രവർത്തിക്കുകയുള്ളൂ)

Create എന്നതിൽ ആദ്യമായി ക്ലിക്ക് ചെയ്യുമ്പോൾ Hotspot ന്റെ പേര് നൽകുന്നതിനുള്ള ഒരു ബോക്സാണ് പ്രത്യക്ഷപ്പെടുക. പേര് നൽകി OK ക്ലിക്ക് ചെയ്യുന്നതോടെ പാസ്‌വേർഡ് സെറ്റ് ചെയ്യുന്നതിനുള്ള ഒരു ബോക്സ് പ്രത്യക്ഷപ്പെടുന്നു.

ഇവിടെ ഒരു പാസ്‌വേർഡ് സെറ്റ് ചെയ്യുക. (ചുരുങ്ങിയത് എട്ട് ക്യാരക്ടറുകൾ ഉണ്ടായിരിക്കണം). OK യിൽ ക്ലിക്ക് ചെയ്യുന്നതോടെ നൽകിയ പേരിൽ ഒരു Hotspot നിർമ്മിക്കപ്പെട്ട് അത് കണക്ടഡ് ആവും. മറ്റ് കമ്പ്യൂട്ടറുകളിൽ ഈ വൈഫൈ നെറ്റ്വർക്ക് കണക്ട് ചെയ്യുക.







## C. E-Cube Hindi Backup

E-cube-Hindi-backup.sh എന്ന ഫയൽ പ്രവർത്തിപ്പിച്ചാൽ കമ്പ്യൂട്ടറിൽ നിലവിലുള്ള E-cube Hindi eLanguage Lab ന്റെ ബാക്കപ്പും അതിന്റെ ഇൻസ്റ്റാളർ ഫയലുകളും ലഭിക്കും. (ഒരു കമ്പ്യൂട്ടറിലെ E-cube_Hindi eLanguage Lab ഇൻസ്റ്റലേഷൻ അതേ പടി മറ്റൊരു കമ്പ്യൂട്ടറിലേക്ക് മാറ്റുന്നതിന് ഈ രീതി ഉപയോഗിക്കാം.)